# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 12, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

കാട്ടുതീ കൊണ്ടുള്ള നഷ്ടം

*31 ശ്രീ. ചിറ്റയം ഗോപകുമാർ
,, മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കാട്ടുതീയിൽപ്പെട്ട് എത്ര ഹെക്ടർ വനം നശിച്ചിട്ടുണ്ട് ; അവ എവിടെയെല്ലാമാണ് ;

(ബി) മറയൂർ റിസർവ്വ് വനത്തിലുണ്ടായ കാട്ടുതീയിൽ എത്ര നഷ്ടമുണ്ടായിട്ടുണ്ട് ; എത്ര ചന്ദനമരങ്ങൾ കത്തിനശിച്ചിട്ടുണ്ട് ;

(സി) ഫയർ ലൈൻ തെളിയിക്കുന്നതിലെ അപാകതയും അഴിമതിയുമാണ് തീ പടരുന്നതിന് കാരണമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വനസംരക്ഷണ സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അവ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>കഞ്ചിക്കോട് റെയിൽവെ കോച്ച് ഫാക്ടറി</u>

*32 ശ്രീ. വി. പി. സജീന്ദ്രൻ
,, വി.ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് റെയിൽവെ കോച്ച് ഫാക്ടറി തുടങ്ങുവാൻ കേന്ദ്ര ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഫാക്ടറിയുടെ പ്രവർത്തനം യാഥാർത്ഥ്യമാക്കാൻ സംസ്ഥാനം എന്തൊക്കെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്;

(സി) ഫാക്ടറി യാഥാർത്ഥ്യമാകുന്നതോടെ വ്യവസായ-തൊഴിൽ മേഖലകളിൽ എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാകുന്നത്;

(ഡി) കോച്ച് ഫാക്ടറിയുടെ ഉൽപാദനലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

"എമർജിംഗ് കേരള" സംഗമം

*33 ശ്രീ. കെ. എൻ. എ. ഖാദർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "എമർജിംഗ് കേരള" സംഗമം സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിശദവിവരം നല്കാമോ ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ മേൽ നടത്തിയ പ്രാരംഭ ചർച്ചകളുടെയും പ്രവർത്തനങ്ങളുടെയും ഫലത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മുംബൈ, ന്യൂഡൽഹി എന്നിവിടങ്ങളിൽ നടത്തിയ റോഡ് ഷോകളുടെയും, വിദേശരാജ്യ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ നിക്ഷേപ സാദ്ധ്യത സംബന്ധിച്ച പ്രതീക്ഷകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സംഗമത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള പരിപാടികൾ സംബന്ധിച്ച വിശദവിവരം നല്കാമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

കൊച്ചി മെട്രോ റെയിൽ

*34 ശ്രീ. പി. എ. മാധവൻ
,, ബെന്നി ബെഹനാൻ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ പി.ഐ.ബി. യുടെ അനുമതി ലഭിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സംസ്ഥാന ബഡ്ജറ്റുകളിൽ എന്തു വിഹിതം നീക്കി വച്ചിട്ടുണ്ട് ;

(ഡി) ജെ.ഐ.സി.എ. യിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായി എന്നും വായ്പയുടെ കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>കരിമണൽ ലഭിക്കാത്തതുമൂലം ഐ.ആർ.ഇ. നേരിടുന്ന പ്രതിസന്ധി</u>

*35 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം.എ. ബേബി
,, സി.കെ. സദാശിവൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) കരിമണൽ ലഭിക്കാത്തതിനാൽ ഐ.ആർ.ഇ. ലിമിറ്റഡ് പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) ഐ.ആർ.ഇ.യുടെ കരിമണൽ ഖനനം സ്തംഭനാവസ്ഥയിലാക്കിയ സമരത്തിനാധാരമായ വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ</u>

*36 ശ്രീ. ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ആധുനിക സംവിധാനം ഏർപ്പെടുത്തുമോ;വിശദാംശം നൽകുമോ;

(സി) ഇതിനായുള്ള സ്വതന്ത്ര നിരീക്ഷണ സംവിധാനത്തിന്റെ ചുമതല ആർക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>ഇൻകെല്ലിന്റെ അടിസ്ഥാന വികസനം</u>

*37 ശ്രീ. എം. പി. വിൻസെന്റ്
,, റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്
.. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഇൻകെല്ലി'ന്റെ അടിസ്ഥാന വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് എപ്രകാരമാണ് സ്വരൂപിക്കുന്നത്;

(സി) ഇൻകെൽ ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ എത്ര തുകയുടേതാണെന്ന് വ്യക്തമാക്കുമോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളിൽ സഹകരിക്കാൻ ഇൻകെൽ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>വനഭൂമി കയ്യേറ്റവും അനധികൃത റിസോർട്ട് നിർമ്മാണവും</u>

*38 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന വന്യമൃഗ സങ്കേതങ്ങളോട് ചേർന്നുള്ള തോട്ടം ഭൂമികളിൽ അനധികൃത റിസോർട്ടുകളുടെ നിർമ്മാണം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വന്യമൃഗ സങ്കേതങ്ങളോട് ചേർന്ന് സ്വകാര്യ തോട്ടങ്ങൾക്കുവേണ്ടി പാട്ടത്തിനു നല്കിയിട്ടുള്ള ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ;

(സി) പ്രസ്തുത മേഖലകളിലെ വനഭൂമിയും, റവന്യൂ പുറമ്പോക്കുഭൂമിയും പ്രത്യേകം അളന്ന് തിരിച്ചിട്ടുണ്ടോ; ഈ പ്രദേശത്തെ പാട്ടത്തിനെടുത്ത ഭൂമിയിലോ അതിനോടനുബന്ധിച്ച കയ്യേറ്റഭൂമിയിലോ റിസോർട്ട് പണികഴിപ്പിച്ച് കമേർസ്യൽ ബിസിനസ് നടത്താൻ അനുമതി നല്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ, അനധികൃത കയ്യേറ്റ ഭൂമിയും, നിയമലംഘനം നടത്തി നിർമ്മിച്ച റിസോർട്ടുകളും നിയമാനുസൃതം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 12.06.2012-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ</u>

*39 ശ്രീ. സാജു പോൾ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. പ്രദീപ്കുമാർ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങളിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം വാഹനങ്ങൾ ഓടിക്കുന്നവർക്കുള്ള പരിചയം പത്തുവർഷമായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്കൂൾ വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നതിൽ കർശന നിലപാടുകൾ സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആയതിനായി കേരള മോട്ടോർ വാഹന നിയമത്തിലും ചട്ടങ്ങളിലും എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>ഇരുചക്രവാഹനാപകടങ്ങൾ</u>

*40 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാറ്റ്പാക്ക് പുറത്തുവിട്ട കണക്കുപ്രകാരം സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങളിൽ കൂടുതലും ഇരുചക്രവാഹനങ്ങൾ ഉൾപ്പെട്ടതാണെന്നിരിക്കെ ഇത് നിയന്ത്രിക്കാൻ എന്തു നടപടിയാണ് റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത, മുന്നറിയിപ്പ് ബോർഡുകളുടെ അഭാവം, റോഡുകളിലെ മങ്ങിയ അടയാളങ്ങൾ, തെരുവുവിളക്കുകൾ ഇല്ലാത്തത്, റോഡുവീതികൂട്ടിയിട്ടും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാത്തത് തുടങ്ങിയ പ്രശ്നങ്ങൾ സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലത്തെങ്കിലും ശാശ്വതമായി പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ

# 12.06.2012-ലെ മറുപടിക്ക്

<u>സ്മാർട്ട്സിറ്റി നിർമ്മാണ പുരോഗതി</u>

*41 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതിക വിദ്യയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങൾ</u>

*42 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ; ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദമാക്കുമോ ;

(ബി) എവിടെയൊക്കെയാണ് ഇവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

വിദ്യാർത്ഥികളുടെ യാത്രാസുരക്ഷ

*43 ശ്രീ. ബി. സത്യൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ യാത്രാ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സഞ്ചാരയോഗ്യമല്ലാത്ത വാഹനങ്ങളെയും ശേഷിയിൽ കൂടുതൽ കുട്ടികളെ കയറ്റുന്ന വാഹനങ്ങളെയും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്
വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ</u>

*44 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുസ്സമദ് സമദാനി
,, കെ. എൻ. എ. ഖാദർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന് സംസ്ഥാനം ആതിഥ്യം വഹിക്കുന്നതുമായി ബന്ധപ്പെട്ട് ഇതേവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) ഏതൊക്കെ കേന്ദ്രങ്ങളിലാണ് മത്സരങ്ങൾ നടത്താനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നത്;

(സി) സ്റ്റേഡിയങ്ങളുടെ വികസനം, സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണവും വികസനവും എന്നിവ സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള രൂപരേഖയുടെ വിശദവിവരം നൽകാമോ;

(ഡി) നാഷണൽ ഗെയിംസിനോടനുബന്ധിച്ച് എവിടെയൊക്കെയാണ് സ്പോർട്സ് ഗ്രാമങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>വൈദ്യുതി നിരക്ക് വർദ്ധന</u>

*45 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധന ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി വൈദ്യുതി റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) നിരക്ക് വർദ്ധനവ് ആവശ്യപ്പെടാൻ കെ.എസ്.ഇ.ബി ക്ക് അനുമതി നൽകിയിരുന്നുവോ;

(സി) തമിഴ്നാട്, ആന്ധ്രപ്രദേശ് , കർണാടക എന്നീ സംസ്ഥാനങ്ങളിൽ കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിന് സംസ്ഥാന ഗവണമെന്റുകൾ നൽകുന്ന സബ്സിഡിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നിരക്ക് വർദ്ധന ഏർപ്പെടുത്തുമ്പോൾ ഇതേ രീതിയിൽ സബ്സിഡി അനുവദിച്ച് സാധാരണക്കാർക്ക് ഇളവ് അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഇ) 2012-13 വർഷത്തെ സംസ്ഥാന ബജറ്റിൽ ഇതിനായി എന്ത് തുക നീക്കിവെച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>സഹകരണസംഘം നിയമവും പാർലമെന്റ് പാസ്സാക്കിയ ഭരണഘടനാഭേദഗതിയും</u>

*46 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, പി.ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘം നിയമം ഉദാരമാക്കുന്നതിന്റെ ഭാഗമായി പാർലമെന്റ് പാസ്സാക്കിയ ഭരണഘടനാഭേദഗതി വ്യവസ്ഥകളുടെ വിശദവിവരം നൽകുമോ;

(ബി) ഈ ഭേദഗതി മുഖേന സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടാകാവുന്ന മാറ്റങ്ങളെക്കുറിച്ച് വിലിയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഈ ഭേദഗതി നടപ്പാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഭേദഗതി വ്യവസ്ഥകൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഇ) ഇതിനായി നിലവിലെ സഹകരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 12.06.2012-ലെ മറുപടിക്ക്

<u>വാഹനങ്ങളിലെ ഗ്ലാസ്സുകളുടെ കാര്യത്തിലെ നിബന്ധനകള്‍</u>

*47 ശ്രീ. പി. ഉബൈദുള്ള
,, റ്റി.എ. അഹമ്മദ് കബീര്‍
,, പി.കെ. ബഷീര്‍
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാഹനങ്ങളില്‍ ഉപയോഗിക്കുന്ന ഗ്ലാസ്സുകളുടെ കാര്യത്തില്‍ നിബന്ധനകള്‍ കര്‍ശനമാക്കി കൊണ്ടുള്ള സുപ്രീം കോടതിയുടെ വിധി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിധിപ്പകര്‍പ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) വിധിയിലെ നിര്‍ദ്ദേശങ്ങള്‍ക്കനുസരിച്ചുള്ള വ്യവസ്ഥകള്‍ മോട്ടോര്‍ വാഹന നിയമത്തില്‍ നിലവിലുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച് വിവരം വിശദമാക്കുമോ;

(സി) സുപ്രീം കോടതിയുടെ ഇക്കാര്യത്തിലുള്ള വിധി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ;

(ഡി) നിയമവ്യവസ്ഥകള്‍ക്കു വിരുദ്ധമായ വിധത്തിലുള്ള ഗ്ലാസ്സുകള്‍ ഫിറ്റു ചെയ്തിട്ടുളള വാഹനങ്ങളുടെ കാര്യത്തില്‍ അവ മാറ്റി സ്ഥാപിക്കുന്നതിന് ന്യായമായ സമയം സുപ്രീം കോടതി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ അക്കാര്യത്തില്‍ സര്‍ക്കാര്‍ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 12.06.2012-ലെ മറുപടിക്ക്

ലാന്റ് അക്വസിഷൻ ഓഫീസുകൾ നിർത്തലാക്കിയ നടപടി

*48 ശ്രീ. എം. ഹംസ
,, കെ. രാധാകൃഷ്ണൻ
,, കെ. കെ. നാരായണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ വേണ്ടി രൂപീകൃതമായ ലാന്റ് അക്വസിഷൻ ഓഫീസുകൾ നിർത്തലാക്കാൻ റെയിൽവേ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം ഓഫീസുകളാണെന്നും അതിനുളള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ബി) റെയിൽവേയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാതി നിലനിൽക്കേ ഈ ഓഫീസുകൾ നിർത്തലാക്കിയത് പുന:പരിശോധിക്കാൻ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) റെയിൽവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

ഉപഭോഗസമയക്രമത്തിനുള്ള വൈദ്യുതിവില

*49 ശ്രീ. ജി. സുധാകരൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. എം. ആരിഫ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗിക്കുന്ന സമയത്തിനനുസരിച്ച് വൈദ്യുതിയുടെ വില നിശ്ചയിക്കുന്ന സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന നിർദ്ദേശം സർക്കാരിന്റേയോ, വൈദ്യുതി ബോർഡിന്റേയോ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മറ്റേതെങ്കിലും സംസ്ഥാനത്ത് ഇത്തരത്തിലുള്ള സംവിധാനം നിലവിലുള്ളതായി അറിയാമോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം സംവിധാനം ഏർപ്പെടുത്തിയാലുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എത്രയാണെന്ന് കണക്കാക്കാൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഇ) ഗാർഹിക ഉപഭോക്താക്കളെ ഈ സമ്പ്രദായത്തിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>കൈത്തറി പാക്കേജ്</u>

*50 ശ്രീ. കെ.വി. വിജയദാസ്
,, സി. കൃഷ്ണൻ
,, കെ.കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ സമഗ്രവികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച കൈത്തറി പാക്കേജിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഏതെല്ലാം ഇനങ്ങളിലായി എത്ര കോടി രൂപയുടെ സഹായമാണ് ലഭിക്കേണ്ടിയിരുന്നത്;

(സി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് കൈത്തറി പാക്കേജിന്റെ ലഭ്യതക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം രേഖകൾ സമർപ്പിക്കേണ്ടതുണ്ടായിരുന്നു ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) കേന്ദ്ര പാക്കേജിൽ കൈത്തറി രംഗത്തെ കടങ്ങൾ എഴുതിത്തള്ളാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; എങ്കിൽ ഈ നിർദ്ദേശം പാലിക്കാത്തതുകൊണ്ട് പാക്കേജിന്റെ പ്രയോജനം സംസ്ഥാനത്തിന് നഷ്ടമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) കൈത്തറി പാക്കേജ് നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ അലംഭാവം കാണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.06.2012-ലെ മറുപടിക്ക്

നന്മ പദ്ധതി

*51 ശ്രീ. റ്റി. വി. രാജേഷ്
,, ജി. സുധാകരൻ
,, വി. ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പുതുതായി ആരംഭിച്ച നന്മ പദ്ധതിയും നിലവിലുള്ള നീതി സ്റ്റോർ പദ്ധതിയും തമ്മിലുള്ള വ്യത്യാസങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇതിനകം എത്ര നീതി സ്റ്റോറുകൾ അനുവദിക്കുകയുണ്ടായി; എന്തെല്ലാം സാധനങ്ങൾ ഇതുവഴി വിതരണം ചെയ്തുവരുന്നുണ്ട്;

(സി) എത്ര നന്മ സ്റ്റോറുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്; എന്തെല്ലാം സാധനങ്ങൾ ഇതുവഴി വിതരണം ചെയ്തുവരുന്നു;

(ഡി) നീതി സ്റ്റോറുകളും നന്മ സ്റ്റോറുകളും വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ സംഭരണം, വിപണനം, വില നിശ്ചയിക്കൽ, സർക്കാർ സബ്സിഡി തുടങ്ങിയ കാര്യങ്ങളിലെ വ്യത്യാസങ്ങൾ വിശദമാക്കുമോ; ഇവ രണ്ടും നടത്തുന്നത് സഹകരണ സംഘങ്ങളാണോ എന്ന് വ്യക്തമാക്കുമോ;

(ഇ) നീതി സ്റ്റോറുകളുടെയും നന്മ സ്റ്റോറുകളുടെയും നടത്തിപ്പിനുവേണ്ടി തന്നാണ്ടിൽ എന്തു തുക വീതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്; ഇതിൽ സബ്സിഡി തുക എത്ര ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം</u>

*52 ശ്രീ. ആർ. രാജേഷ്
ഡോ. കെ. ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടികൾ പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കൺസഷൻ നിരക്കിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സ് ജീവനക്കാരിൽ നിന്നും നേരിടേണ്ടി വരുന്ന വിവേചനങ്ങൾ അവസാനിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) കൺസഷൻ നിഷേധിച്ചുകൊണ്ട് അധിക ചാർജ് ഈടാക്കുന്ന സ്വകാര്യ ബസ്സ് ജീവനക്കാർക്കെതിരെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകൾക്ക് റൂട്ടുകൾ അനുവദിക്കാനുള്ള നടപടികൾ</u>

*53 ശ്രീ. പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വകര്യ ബസ്സുകൾക്ക് പുതിയ റൂട്ടുകൾ അനുവദിക്കാനുള്ള നടപടികൾ ആരംഭിക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ ;

(ബി) ഇതിൽ കെ.എസ്.ആർ.ടി.സി. ലാഭകരമായി സർവ്വീസ് നടത്തിക്കൊണ്ടിരുന്ന എത്ര റൂട്ടുകൾ ഉണ്ടേന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ സ്വകാര്യ ബസ്സുകൾക്ക് നിലവിൽ ഓടിക്കൊണ്ടിരുന്ന എത്ര റൂട്ടുകൾ റദ്ദാക്കി പുതിയ റൂട്ടുകൾ അനുവദിച്ചിട്ടുണ്ട് ;

(ഡി) സ്വകര്യ ബസ്സുകൾക്ക് പുതിയ റൂട്ടുകൾ അനുവദിക്കുന്നതിനും, നിലവിലുള്ളവ മാറ്റികൊടുക്കുന്നതിനും എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>സഹകരണമേഖലയിൽ നന്മസ്റ്റോറുകൾ</u>

*54 ശ്രീ. ഇ. കെ. വിജയൻ
,, വി. എസ്. സുനിൽ കുമാർ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ നിയന്ത്രണത്തിൽ നന്മസ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോ; ഇവ സഹകരണ സംഘങ്ങൾ മുഖേനയാണോ ആരംഭിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്റ്റോറുകളിൽകൂടി എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സഹകരണ സംഘങ്ങളിൽ നിലവിലുളള നീതിസ്റ്റോറുകളിൽകൂടി എന്തെല്ലാം സാധനങ്ങൾ വിതരണം ചെയ്തുവരുന്നു; നന്മസ്റ്റോറുകളിലും നീതി സ്റ്റോറുകളിലും കൂടി വിതരണം ചെയ്യുന്ന സാധനങ്ങൾക്കുളള വിലകൾ താരതമ്യം ചെയ്യുമോ;

(ഡി) പൊതുമാർക്കറ്റിൽനിന്നും എത്രശതമാനം വിലകുറച്ചാണ് ഈ സ്റ്റോറുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>വനം കൊള്ള</u>

*55 ശ്രീ. വി. ശശി
ശ്രീമതി. ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും-സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സംരക്ഷിത വന പ്രദേശങ്ങളിൽ വനം കൊള്ള നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ 2011 മേയ് മാസത്തിനു ശേഷം ഇപ്രകാരം എത്ര വനം കൊള്ളകൾ നടന്നു;

(ബി) ഇത്തരം വനപ്രദേശങ്ങളിൽ നിന്നും എത്ര തുകയ്ക്കുള്ള ചന്ദനം ഉൾപ്പെടെയുള്ള മരങ്ങൾ വനം മാഫിയ കൊള്ള സംഘങ്ങൾ മുറിച്ചു കടത്തിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) വനംവകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും വനം മാഫിയ കൊള്ള സംഘങ്ങളുടെയും കൂട്ടുകെട്ട് രൂപപ്പെട്ടിട്ടുള്ളതിനെ ഏതു തരത്തിൽ നേരിടാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) വനംകൊള്ള നടത്തുന്നവർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>ഊര്‍ജ്ജ സംരക്ഷണം</u>

*56 ശ്രീ. ബെന്നി ബെഹനാന്‍
,, വി.റ്റി. ബല്‍റാം
,, എ.പി. അബ്ദുള്ളക്കുട്ടി
,, പി.എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജസംരക്ഷണത്തിനായി എന്തെല്ലാം കര്‍മ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഗാര്‍ഹിക മേഖല, വ്യവസായ മേഖല, ഓഫീസുകള്‍ എന്നിവിടങ്ങളില്‍ ഊര്‍ജ്ജ ആഡിറ്റ് സംവിധാനം ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത ഊര്‍ജ്ജ സംരക്ഷണത്തിലൂടെ എത്ര ശതമാനം വൈദ്യുതി ലാഭിക്കുവാന്‍ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>റെയിൽവേ പദ്ധതികളിൽ കേന്ദ്ര അവഗണന</u>

*57 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ. എം. ആരിഫ്
,, വി. ചെന്താമരാക്ഷൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ബജറ്റുകളിൽ സംസ്ഥാനത്തിന് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് അവഗണന കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചേർത്തലയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ബോഗി നിർമ്മാണ യൂണിറ്റിന്റെ കാര്യത്തിൽ റെയിൽവേ നിലപാട് മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) റെയിൽവേയും കേന്ദ്രവും കാണിക്കുന്ന ഇത്തരം സമീപനത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ പൊതുമേഖലയിൽ ഈ സ്ഥാപനം തുടങ്ങാൻ സാധ്യമല്ല എന്ന് റെയിൽവേ ബോർഡ് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള ഭാവിപരിപാടികൾ ആലോചിക്കാൻ ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>ബൈതരണി കല്‍ക്കരിപ്പാടം</u>

*58 ശ്രീ. കെ. ദാസന്‍
,, കോടിയേരി ബാലകൃഷ്ണന്‍
,, ജെയിംസ് മാത്യു
,, ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ഉല്‍പ്പാദനത്തിനായി കേരളത്തിന് അനുവദിച്ച ബൈതരണി കല്‍ക്കരിപ്പാടത്തില്‍ നടക്കുന്ന വിവിധ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) കല്‍ക്കരി ഖനന നടപടികള്‍ സമയബന്ധിതമായി പുരോഗമിക്കാത്തതിനാല്‍ കേരളത്തിനുള്ള അനുമതി റദ്ദാക്കുന്നതിന് മുന്നോടിയായി കേന്ദ്ര ഗവണ്‍മെന്റില്‍ നിന്നും നോട്ടീസ് ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തില്‍ സര്‍ക്കാര്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 12.06.2012-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി നിർമ്മാണ പ്രവർത്തനങ്ങൾ</u>

*59 ശ്രീ. എളമരം കരീം
,, എസ്. ശർമ്മ
,, സാജു പോൾ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വളവുകാട് പുത്തൻകുരിശ് പഞ്ചായത്തിൽ നിർമ്മാണം തുടങ്ങിയ പദ്ധതിയുടെ ഒന്നാംഘട്ടം രണ്ടുവർഷത്തിനകവും മാർക്കറ്റിംഗ് കം-സെയിൽസ് ഓഫീസിന്റെ നിർമ്മാണം 14 ആഴ്ചകൾക്കകവും തീർക്കുമെന്ന് പദ്ധതിയുടെ തറക്കല്ലിടൽ ചടങ്ങിനു ശേഷം മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോ;

(സി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; ഈ പ്രവൃത്തികൾ സമയബന്ധിതമായി നടക്കുന്നുണ്ടോ; എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) നേരത്തെ തയ്യാറാക്കിയ പദ്ധതിയുടെ മാസ്റ്റർ പ്ലാനിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പദ്ധതി ആരംഭിക്കുന്നതിന് മുമ്പ്, ഐ.ടി അനുബന്ധ പരിശീലന കേന്ദ്രം തുടങ്ങുമെന്ന ടീകോമിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

(എഫ്) സ്മാർട്ട് സിറ്റിയുടെ ഡയറക്ടർ ബോർഡ് യോഗം അവസാനമായി ചേർന്നത് എന്നാണ്; പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവൃത്തികളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2012-ലെ മറുപടിക്ക്

<u>കരട് ഗതാഗത നയം</u>

*60 ശ്രീ. അൻവർ സാദത്ത്
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗതനയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രത്യേകതകളും ഉദ്ദേശ ലക്ഷ്യങ്ങളും എന്തൊക്കെയാണ്;

(സി) ആധുനികവും, കാര്യക്ഷമവും, സുരക്ഷിതവും, പരിസ്ഥിതി സൗഹാർദ്ദവുമായ ഗതാഗത സംവിധാനം ആവിഷ്ക്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) കരട് നയത്തിൻമേൽ പൊതുജനങ്ങൾക്കും ബന്ധപ്പെട്ടവർക്കും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകാൻ അവസരം നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 3.